**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 128** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>വ്യാജ സ്ക്രീൻഷോട്ട് സംബന്ധിച്ച പരാതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** പറവൂർ എം.എൽ.എ.യുടെ ഫേസ്ബുക്ക് ഐഡിയുടെ പേരിൽ വ്യാജ സ്ക്രീൻഷോട്ട് പ്രചരിപ്പിക്കുന്നു എന്ന് ആരോപിച്ച് 2020 മെയ് മാസത്തിൽ ആലുവ റൂറൽ എസ്.പി.യ്ക്ക് ആ കാലയളവിലെ സ്ഥലം എം.എൽ.എ. പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയുടെയും, വ്യാജമായി പ്രചരിപ്പിച്ചതായി പറയപ്പെടുന്ന സ്ക്രീൻഷോട്ടിന്റെയും കോപ്പി നൽകാമോ;

**<u>മറുപടി:</u>** ഉണ്ട്. പരാതിയുടേയും സ്ക്രീൻ ഷോട്ടിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രതിയെ കണ്ടെത്താൻ പോലീസ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

**<u>മറുപടി:</u>** പരാതിക്ക് ആധാരമായ ഫേസ് ബുക്ക് പോസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ട സമയത്ത് ബന്ധപ്പെട്ട ഫേസ് ബുക്ക് അക്കൗണ്ട് ഏത് ഇന്റർനെറ്റ് പ്രോട്ടോക്കോൾ (IP) വിലാസം വഴി ഉപയോഗിച്ചുവെന്ന് വ്യക്തമാക്കുന്നതിനായി ജില്ലാ പോലീസ് മേധാവി ഫേസ് ബുക്ക് കമ്പനിക്കു റിക്വിസിഷൻ ലെറ്റർ അയയ്ക്കുകയുണ്ടായി. കേസുമായി ബന്ധപ്പെട്ട് ആവലാതിക്കാരനായ ശ്രീ. വി.ഡി. സതീശൻ, ശ്രീ.രാജു പി. നായർ, എറണാകുളം സൈബർ സെൽ ഓഫീസർ ഇൻ ചാർജ് GASI ബിനോയ് എന്നിവരിൽ നിന്ന് മൊഴികൾ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. IP വിലാസം ശേഖരിക്കുന്നതിന് കേസിൽ ഹാജരാക്കിയ രേഖകൾ അപര്യാപ്തമാകയാൽ കൂടുതൽ രേഖകൾ അന്വേഷിച്ചെങ്കിലും അധിക രേഖകൾ ഇല്ലെന്ന് ആവലാതിക്കാരൻ അറിയിച്ചിരുന്നു. ഇതേത്തുടർന്ന് കേസ് UD ആയി പരിഗണിച്ച് ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**(സി)** ഈ കേസിൽ ഫേസ്ബുക്കിനോട് പോലീസ് വിശദീകരണം ചോദിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്

**(ഡി)** എം.എൽ.എ. നൽകിയ പരാതിയെന്ന നിലയിൽ അന്വേഷണം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്

**(ഇ)** പരാതിക്കാധാരമായ വിഷയവും, ഇതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങളുടെയും വിശദാംശം വെളിപ്പെടുത്താമോ?

**മറുപടി:** പരാതിക്കാരനെ ഫേസ് ബുക്ക് വഴി ശല്യം ചെയ്യാനും അപകീർത്തിപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ട്, 14/05/2020 വൈകുന്നേരം പരാതിക്കാരന്റെ പോസ്റ്റിന് നൽകിയ മറുപടിയെന്ന രീതിയിൽ അസഭ്യവാക്കുകൾ ഉൾപ്പെടുത്തിയ സ്ക്രീൻഷോട്ട് ഫേസ് ബുക്കിലൂടെ പ്രചരിപ്പിച്ചതായി കാണിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് പരാതി ലഭിച്ചു. തുടർന്ന് പ്രസ്തുത പരാതി നോർത്ത് പറവൂർ പോലീസ് സ്റ്റേഷനിലേക്ക് കൈമാറി. പോലീസിന് നേരിട്ട് രജിസ്റ്റർ ചെയ്യാവുന്ന കുറ്റകൃത്യമല്ലെന്ന് കണ്ടെത്തിയതിനാൽ ബഹുമാനപ്പെട്ട നോർത്ത് പറവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലേക്ക് അയച്ചു. കോടതി അനുമതി ലഭിച്ചതിനെ തുടർന്ന് 11/06/2020 ന് KP Act 120(O) പ്രകാരം Crime No.690/2020 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്തിരുന്നു. അന്വേഷണത്തിൽ പരാതിക്കാരന്റെ വെരിഫൈഡ് അക്കൗണ്ട് ഹാക്ക് ചെയ്തതോ വ്യാജ സ്ക്രീൻഷോട്ട് നിർമ്മിച്ചതോ ആയിരിക്കാമെന്ന സംശയത്തെ തുടർന്ന് സൈബർ സെൽ സഹായത്തോടെ IP വിവരങ്ങൾ ശേഖരിച്ചെങ്കിലും, ഒരേ സമയം ഒന്നിലധികം പേർക്ക് ചാറ്റിംഗിൽ പങ്കെടുക്കുവാൻ കഴിയുന്ന വോയ്സ് ചാറ്റിംഗിനായി തയ്യാറാക്കിയിട്ടുള്ള NAT-IP ആയതിനാൽ വ്യക്തി വിവരങ്ങൾ കണ്ടെത്തുവാൻ സാധിച്ചില്ല. പുതിയ തെളിവുകൾ ലഭിക്കാനുള്ള സാധ്യത വിരളമാണെന്ന് കണ്ടതിനാൽ കേസ് UD ആയി പരിഗണിച്ച് 30/05/2021 ന് റിപ്പോർട്ട് ബഹു കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

POLICE OFFICE
AM RURAL ALUVA
RECEIVED ON
18 MAY 2020

V. D. SATHEESAN, M.L.A.
(PARAVUR)
CHAIRMAN
COMMITTEE ON PUBLIC ACCOUNTS
KERALA LEGISLATIVE ASSEMBLY
DEVARAGAM
KESARI LN
NORTH PARAVUR
PIN-683 513

PHONE
OFFICE : 0484-2449500
THIRUVANANTHAPURAM : 0471-2512275
MOBILE : 9447018183
E-mail : vdsatheesan@gmail.com
Website : www.vdsatheesan.in
NEYYAR BLOCK 3C
M.L.A. HOSTEL

DySP Aluva for enquiry & r/p
15/05/2020

CAMP: എൻ.പറവൂർ
DATE: 15.05.2020

പ്രിയ പോലീസ് സൂപ്രണ്ട്,

2020 മെയ് 14 ന് വൈകുന്നേരത്തോട് കൂടി എന്റെ ഫേസ് ബുക്ക് പേജിൽ ഒരു പോസ്റ്റിനു കീഴിൽ ഇട്ട കമന്റിന് എന്റെ മറുപടിയെന്ന നിലയിൽ അസഭ്യ വാക്കുകളുമായി ഒരു സ്ക്രീൻഷോട്ട് ഇമേജ് വ്യാപകമായി പ്രചരിപ്പിക്കുകയുണ്ടായിട്ടുണ്ട്. എന്റെ ഫേസ് ബുക്ക് പേജ് www.facebook.com vdsatheeshanparavur എന്ന വെരിഫൈഡ് പേജ് ആണ്. പ്രചരിപ്പിക്കുന്ന ഇമേജിൽ പറഞ്ഞിട്ടുള്ള കമന്റ് എന്റെ പേജിൽ ഉണ്ടായിട്ടില്ല. ഈ സ്ക്രീൻഷോട്ട് വ്യാജമായി നിർമ്മിച്ചതോ എന്റെ ഫേസ് ബുക്ക് ഐ.ഡി ഹാക്ക് ചെയ്യപ്പെട്ടിട്ടുള്ളതാണോ എന്നും ഞാൻ സംശയിക്കുന്നു. ഈ ഇമേജ് ഫേസ്ബുക്കിലും വാട്ട്സ് ആപ്പിലും പല ഗ്രൂപ്പുകളിൽ വ്യാപകമായി ഷെയർ ചെയ്യിട്ടുണ്ട്. ഈ ഇമേജ് ഷെയർ ചെയ്തിട്ടുള്ള ചില അക്കൗണ്ടുകളുടെ ലിങ്കുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പൊതുജീവിതത്തിൽ മാന്യതയും സത്യസന്ധതയും സൂക്ഷിക്കുന്ന നേതാക്കൾക്കെതിരെ നടത്തുന്ന ഇത്തരം വ്യാജ കാമ്പയിനുകൾ ജനാധിപത്യത്തിന്റെ വിശ്വാസ്യതയെ തന്നെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. വ്യക്തിപരമായി എന്റെ പേരിൽ പ്രചരിപ്പിക്കുന്ന ഈ സ്ക്രീൻഷോട്ട് എനിക്ക് മാനനഷ്ടം ഉണ്ടാക്കുന്നതും ഐ.ടി. ആക്ട് പ്രകാരം ക്രിമിനൽ കുറ്റവുമാണ്. ഇതിൽ മാതൃകാപരമായ നടപടി ഉണ്ടാവേണ്ടത് അത് കൊണ്ട് തന്നെ അനിവാര്യവുമാണ്. ആയതിനാൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തി ഇത്തരം വ്യാജ പ്രചാരണം നടത്തിയവർക്കെതിരെ കേസെടുക്കണമെന്ന് താൽപര്യപ്പെടുന്നു.

എന്ന്,

വി.ഡി. സതീശൻ എം.എൽ.എ.

To,

സൂപ്രണ്ട് ഓഫ് പോലീസ്
ആലുവ റൂറൽ.



**നിധീഷ് എം കയരളം**

31 mins ·

വി ഡി സതീശൻ ഒന്നും പറയാനില്ല
താനൊക്കെയാണ് നേതാവ് പിന്നെ അണികളുടെ
കാര്യം പറയണോ



Author

**V D Satheesan**

**Surya Suraj** നീ ആണോ
ടാ പൂറെ അവന്റെ ഉമ്മയുടെ കൂടെ
രാത്രി കിടക്കുന്നത്. സതീശന്റെ
വായിലിട്ടു ടേസ്റ്റ് പിടിച്ചാൽ പിന്നെ
നീ പട്ടിണിയാകും.

Like Reply



Author

**V D Satheesan**

**Muhsin Kl** നിനക്കെന്താടാ ഇത്ര
വിഷമം. എടാ അവൻ
കോൺഗ്രസിന്ന് പോയതാണ്.
പാവം. കോൺഗ്രസ് കാരെ
നിന്നക്കറിയാല്ലോ. ഒരാൾ പാർട്ടി
വിട്ടാൽ അവർ കൊല്ലില്ല. ഈ
സലാമിന്റെ ഭാര്യയെ അവർ ട്യൂൺ
ചെയ്തു.

Like Reply

**Titto Antony**


"കോൺഗ്രസ്സ് എന്താണെന്ന് കാണിച്ചു തരാം ! "


രണ്ടു ദിവസം മുന്നേ പറവൂർ MLA #CongRSS ന്റെ സട കുടഞ്ഞെഴുന്നേറ്റ സിംഹം വി.ഡി. സതീശൻ ഇങ്ങനെ തന്റെ പേജിലൂടെ വെല്ലുവിളിച്ചപ്പോൾ ഇത്രയും പ്രതീക്ഷിച്ചില്ല.. !! !!

കഷ്ട്ടം ഒരു MLA ഇത്രയും അധഃപതിക്കരുത്.. !

താങ്കൾ ചെയ്ത പുനർജനി അഴിമതി പുറത്തു കൊണ്ട് വരുമെന്ന് ആ പോസ്റ്റിൽ ഞാൻ പറഞ്ഞത് താങ്ങളെ ഇത്രയും ഭ്രാന്ത് പിടിപ്പിക്കുമെന്നു പ്രതീക്ഷിച്ചില്ല..

#MLASatheesanShouldApologise
#SatheesanStoopedToThirdRateLevel
#CongRSSRepresentativesStoopedToGroundLevel




Rejily
സെക്ഷൻ ഓഫീസർ